## പതിമൂന്നാം കേരളനിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3325 — 24.06.2013 ന് മറുപടിയ്ക്ക്.

### ആതിരപ്പിള്ളി പഞ്ചായത്തിൽ കാട്ടുമൃഗങ്ങളുടെ ശല്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി.ദേവസ്സി | ശ്രീ.ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) ആതിരപ്പള്ളി പഞ്ചായത്തിലെ കിഴക്കൻ മേഖലകളിൽ കാട്ടുമൃഗങ്ങളുടെ ശല്യം വർദ്ധിച്ച വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) തവളക്കുഴിപ്പാറ മലയൻ കോളനിയിൽ കാട്ടാനയുടെ ആക്രമണത്തിൽ 10.06.2013-ന് കൊല്ലപ്പെട്ട രാജപ്പൻ മകൻ രാമചന്ദ്രന്റെ (38) നിരാലംബരായ കുടുംബത്തെ സഹായിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (ബി) കൊല്ലപ്പെട്ട രാമചന്ദ്രന്റെ അനന്തരാവകാശികൾക്ക് ചട്ടപ്രകാരം അനുവദനീയമായ 3 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) കാട്ടുമൃഗങ്ങളുടെ നിരന്തര ശല്യത്തിൽ നിന്നും പ്രസ്തുത മേഖലയിലെ ജനങ്ങളെ രക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ? | (സി) പ്രസ്തുത മേഖലയിൽ വനപാലകർ തുടർച്ചയായി റോന്ത് ചുറ്റുകയും വനപാലകരുടെ നേതൃത്വത്തിൽ വനസംരക്ഷണ സമിതികളുടേയും പ്രദേശവാസികളുടേയും പങ്കാളിത്തത്തോടെ പ്രത്യേക ടീമുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. ഇതിനുപരിയായി സൗരോർജ്ജ കമ്പിവേലി നിർമ്മിച്ചും കിടങ്ങുകൾ നിർമ്മിച്ചും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.